(എ&ബി) പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള സാങ്കേതിക തസ്തികകളിൽ സ്റ്റാഫ് സ്ട്രെങ്ത് വിപുലീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എ 4/66/2018/പൊ.മ.വ. നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു. എന്നാൽ ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഓവർസീയർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല. വൈദ്യുത വിഭാഗത്തിൽ ഇടുക്കി, കോന്നി, കണ്ണൂർ മെഡിക്കൽ കോളേജുകളിലും കാസർഗോഡ് കോവിഡ് ആശുപത്രിയിലും (ടാറ്റാ ഹോസ്പിറ്റൽ) ഓവർസീയർ ഗ്രേഡ്-II മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള തസ്തികകൾ സൃഷ്ടിക്കുന്ന ശിപാർശ എ 4/174/2020/ പൊ.മ.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

**കൊടുവള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ**

102(4112) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുവള്ളി നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന വിവിധ പൊതുമരാമത്ത് പദ്ധതികളുടെ പേരുവിവരം, അനുവദിച്ച തുക, അവയുടെ പ്രവർത്തനപുരോഗതി എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ?

കൊടുവള്ളി നിയോജകമണ്ഡലത്തിൽ പാലം വിഭാഗത്തിനുകീഴിൽ കരിങ്കുറ്റിക്കടവ് പാലത്തിന് 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പടനിലം പാലം പ്രവൃത്തിക്ക് 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെ കാലാവധി കാലഹരണപ്പെട്ടതിനാൽ പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. നടമ്മൽക്കടവ് പാലം പ്രവൃത്തിക്ക് 840 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. നേരത്തെ അക്വയർ ചെയ്ത സ്ഥലത്തോ അല്ലെങ്കിൽ പുറമ്പോക്കോ ആയ സ്ഥലം കയ്യേറ്റമുണ്ടെന്ന് കണ്ടെത്തിയതിനാൽ അത് ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുക്കംകടവ് പാലം പ്രവൃത്തിക്ക് 63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാക്കുന്നതിലേയ്ക്കായി 1.90 ലക്ഷം രൂപയുടെ അഡീഷണൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിനുകീഴിൽ 2019-20 കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും 35.42 കോടി രൂപയുടെ ഭരണാനുമതിയും സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ദേശീയപാത 766-ൽ കി.മീ. 25/00 മുതൽ 45/00 വരെയുള്ള റോഡിന്റെ ബലപ്പെടുത്തൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട കൊയിലാണ്ടി - താമരശ്ശേരി - മുക്കം റോഡ് വികസന പ്രവൃത്തിക്ക് 225.68 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്. നിരത്ത്, കെട്ടിടം, കിഫ്ബി വിഭാഗങ്ങൾക്കുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

103(4113) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടന്നുവരുന്ന വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ പുരോഗതി എന്തെന്നും വെളിപ്പെടുത്തുമോ?

മലപ്പുറം മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾ പ്പെടുത്തി കെ.എസ്.ടി.പി. നടപ്പാക്കുന്ന പദ്ധതിയാണ് കൊയിലാണ്ടി-എടവണ്ണ റോഡ് നവീകരണ പ്രവൃത്തി. 23-11-2020-ന് ആരംഭിച്ച പ്രവൃത്തി നിലവിൽ 11% പൂർത്തീകരിച്ചിട്ടുണ്ട്. നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു*.

(ബി) ഇതുമായി ബന്ധപ്പെട്ട കഴിഞ്ഞ മൂന്നുവർഷത്തെ വിവരങ്ങൾ വിവിധ വിഭാഗങ്ങൾ തിരിച്ച് നൽകാമോ?

പാലം വിഭാഗത്തിനുകീഴിൽ തലാപ്പ് കടവ് - ആശാരിപ്പടി പാലത്തിന്റെ തകർന്ന പൈപ്പ് കൾവെർട്ടിന്റെ പുനർനിർമ്മാണവും അപ്രോച്ച് റോഡിന്റെ റീ ടാറിംഗ് ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിനുകീഴിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ Improvements with BM&BC

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.